**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 339** **18-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത മേഖല സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ വൈദ്യുത മേഖല സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ പൊതുജനങ്ങളും ഈ മേഖലയിലെ ജീവനക്കാരും പ്രതിഷേധത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ പ്രവർത്തനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്; വിശദമാക്കുമോ; | (എ) | വൈദ്യുതി മേഖലയെ നിയന്ത്രിക്കുന്ന ഇന്ത്യയിലെ ഒരു പ്രധാന നിയമമാണ് ഇലക്ട്രിസിറ്റി ആക്ട്, 2003.<br><br>ഇലക്ട്രിസിറ്റി ആക്ട്, 2003 സ്വകാര്യ നിക്ഷേപം അനുവദിക്കുന്നുണ്ട്; പ്രസരണ-വിതരണ രംഗങ്ങളിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് നിഷ്കർഷിക്കുമ്പോൾ ഉത്പാദന രംഗത്ത് പ്രത്യേക ലൈസൻസ് കൂടാതെ തന്നെ സ്വകാര്യ നിക്ഷേപകർക്കും കടന്നുവരാൻ സാധിക്കും. ഇന്ന് രാജ്യത്തെ വൈദ്യുതി ഉത്പാദനശേഷിയുടെ പകുതിയിൽ അധികവും സ്വകാര്യ മേഖലയിൽ ആണ്. പ്രസരണ-വിതരണ ലൈസൻസികളിലും സ്വകാര്യ സംരംഭകർ ഉണ്ട്.<br><br>കേന്ദ്ര നിയമത്തിലോ, അതിനെ അടിസ്ഥാനമാക്കി കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളിലോ ഭേദഗതികൾ നിർദ്ദേശിക്കപ്പെടുന്ന അവസരങ്ങളിൽ ആയവയിൽ ചിലത് പൊതുമേഖലയെ തകർക്കുന്ന നീക്കമായി കണ്ട് പ്രതിഷേധങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ട്. ഉദാഹരണത്തിന് സംസ്ഥാന സർക്കാരിൽ നിന്നോ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിന്നോ യാതൊരു ലൈസൻസോ, അനുമതിയോ വാങ്ങാതെ ഏതു കമ്പനിക്കും, എവിടെയും ഉപഭോക്താവിനെ കണ്ടെത്തി പൊതുമേഖല നിർമ്മിച്ച നിലവിലുള്ള വൈദ്യുതി ശൃംഖല ഉപയോഗിച്ച് തന്നെ വൈദ്യുതി വിതരണം നടത്താൻ കഴിയും വിധം 2021-ൽ മുന്നോട്ടുവച്ച ഡിസ്ട്രിബ്യൂഷൻ ഡീലൈസൻസിംഗ്, ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽ നിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യും വിധം 2022-ൽ വന്ന ഭേദഗതി നിർദ്ദേശം തുടങ്ങിയവ വ്യാപകമായ |

പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. 2014, 2018, 2020, 2021, 2022 എന്നീ വർഷങ്ങളിൽ Electricity Act ഭേദഗതി ചെയ്യുവാൻ നീക്കങ്ങൾ ഉണ്ടായിരുന്നു എങ്കിലും വ്യാപകമായ പ്രതിഷേധങ്ങളെ തുടർന്ന് അവ നടപ്പിലാക്കിയിരുന്നില്ല.

ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ ഇനം 38 അനുസരിച്ച് വൈദ്യുതി മേഖലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമ നിർമ്മാണ അധികാരമുള്ള ഒരു മേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി നിയമ ഭേദഗതികൾ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിൽ എത്താനും കേന്ദ്രസർക്കാരിന് ബാധ്യതയുണ്ട്. വൈദ്യുതി നിയമഭേദഗതി സംബന്ധിച്ച് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ തങ്ങൾക്കുള്ള വിയോജിപ്പ് വിവിധ സംസ്ഥാനങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ, ഇത്തരം നിർദ്ദേശങ്ങൾ ഒന്നും പരിഗണിക്കാതെ വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശമാണ് 2021 -ൽ കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചത്.

രാജ്യത്താകെ ശക്തമായി ഉയർന്നുവന്ന പ്രക്ഷോഭങ്ങളുടെ ഫലമായി പാർലമെൻ്റിൽ ഭേദഗതി നിർദ്ദേശം പാസാക്കാൻ കേന്ദ്രസർക്കാരിന് സാധിച്ചില്ല. വൈദ്യുതി വിതരണ മേഖലയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല എന്നതായിരുന്നു ആ നിയമഭേദഗതിയിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം. സംസ്ഥാന സർക്കാരുകൾക്കോ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾക്കോ യാതൊരുവിധ നിയന്ത്രണവുമില്ലാതെ സ്വകാര്യ കമ്പനികൾക്ക് ഈ രംഗത്ത് യഥേഷ്ടം കടന്നുവരാനും പ്രവർത്തിക്കാനും ഭേദഗതിയിലൂടെ സാധിക്കുമായിരുന്നു. ഇത്തരത്തിൽ കടന്നുവരുന്ന കമ്പനികൾക്ക് ഉണ്ടാകേണ്ട യോഗ്യതകൾ തീരുമാനിക്കുന്നത് കേന്ദ്രസർക്കാർ ആണ് എന്നായിരുന്നു ഭേദഗതി നിർദ്ദേശം.

പുതിയ വിതരണ കമ്പനികൾക്ക് വൈദ്യുതി ലൈനുകളുടെ നിർമ്മാണത്തിൽ അടക്കം ഒരു രീതിയിൽ ഉള്ള മുതൽമുടക്കും നടത്താൻ ബാധ്യതയില്ലായിരുന്നു. നിലവിലുള്ള വൈദ്യുതി ലൈനുകളിലൂടെ തന്നെ വൈദ്യുതി കടത്തിക്കൊണ്ടു പോകാനും വിൽക്കാനും അവർക്ക് അവകാശം ഉണ്ടാവുന്ന രീതിയിലായിരുന്നു ഭേദഗതി നിർദ്ദേശം.

ഇത്തരത്തിൽ, വൈദ്യുതി ആസ്തികളുടെ നിർമ്മാണത്തിനോ ശൃംഖല വികസനത്തിനോ പരിപാലനം ഉറപ്പുവരുത്തുന്നതിനോ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനോ യാതൊരു മുതൽ മടക്കും ഇല്ലാതെ കടന്നു വരാൻ കഴിയുന്നതിനാൽ, ലാഭം ഇടിഞ്ഞാൽ എളുപ്പത്തിൽ പിൻവാങ്ങുന്നതിനും സ്വകാര്യ കമ്പനികൾക്ക് അവസരം നൽകുന്ന നിർദ്ദേശങ്ങൾ ആയിരുന്നു അന്ന് കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചത്.

വൈദ്യുതി വിതരണ രംഗത്ത് തികഞ്ഞ അനിശ്ചിതത്വം നിർദ്ദിഷ്ട നിയമ ഭേദഗതിയിലൂടെ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് വ്യാപകമായ പരാതി ഉയർന്നുവന്നിരുന്നു.

വൈദ്യുതി വിതരണ രംഗത്ത് കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക് എല്ലാവർക്കും വൈദ്യുതി നൽകാനുള്ള ബാധ്യതയും നിയമ ഭേദഗതിയിൽ നിഷ്കർഷിക്കുന്നുമില്ല. വിതരണ രംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന വാണിജ്യം അടക്കമുള്ള മേഖലകളിലെ ഉപഭോക്താക്കളെ അടർത്തിയെടുക്കാനും സ്വകാര്യ കമ്പനികൾക്ക് അവസരം ഒരുക്കുന്ന നിർദ്ദേശമാണ് അന്ന് കേന്ദ്രസർക്കാർ കൊണ്ടുവന്നത്. ഇങ്ങനെ ലാഭകരമായ മേഖലകളിലെല്ലാം സ്വകാര്യ മേഖല കൈക്കലാക്കുന്ന നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും ഗ്രാമപ്രദേശങ്ങളിലും വൈദ്യുതി നൽകേണ്ടത് പൊതുമേഖലയുടെ ചുമലിലും ആകുന്നു.

വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ ഇടപെടലുകൾ ഉണ്ടാവുമ്പോഴും വൈദ്യുതി വിതരണം തികച്ചും സംസ്ഥാനതലത്തിലാണ് മുൻകാലങ്ങളിൽ എല്ലാം കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവൽക്കരണ സമ്മർദ്ദങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് തീരുമാനിക്കാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ ഇത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി വൈദ്യുതി മേഖലയുടെ നിയന്ത്രണം പൂർണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021ലെ വൈദ്യുതി ഭേദഗതി ബില്ലിലൂടെ മുന്നോട്ടുവച്ചത്. വൈദ്യുതി മേഖലയുടെ തകർച്ചയ്ക്ക് കാരണമാക്കുന്ന, സാധാരണക്കാരന് വൈദ്യുതി അപ്രാപ്യമാക്കുന്ന ഈ ഭേദഗതി രാജ്യത്തെ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ്. വൈദ്യുതി മേഖല സംബന്ധിച്ചുള്ള തീരുമാനങ്ങൾ

| | | | |
|---|---|---|---|
| | | | എടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഫെഡറൽ ഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുന്നതും ആണ്. പ്രസ്തുത കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും പിന്മാറണമെന്നും 2021ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം 5.8.21ന് കേരള നിയമസഭ പാസാക്കിയിരുന്നു.<br><br>ഇത്തരത്തിൽ വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ പൊതുജനങ്ങളും, കർഷകരും, ഈ മേഖലയിലെ ജീവനക്കാരും പ്രതിഷേധം രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഉത്തർപ്രദേശിലെ സർക്കാർ അവിടെയുള്ള രണ്ടു ഡിസ്കോമുകൾ സ്വകാര്യവൽക്കരിക്കുന്നതിനായി ദർഘാസുകൾ ക്ഷണിക്കുകയും ജീവനക്കാരുടെ വൻ പ്രതിഷേധത്തിനെ തുടർന്നു ദർഘാസ് തുറക്കൽ നീട്ടിവച്ചതിന്റെയും പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചണ്ഡിഗഡ് ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് സ്വകാര്യവൽക്കരിക്കുന്നതിനെതിരെയും പ്രതിഷേധങ്ങൾ നടന്നിട്ടുണ്ട്. വരുന്ന മൂന്ന് മാസങ്ങൾക്കുള്ളിൽ പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും എന്ന പത്രവാർത്ത ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത നയങ്ങളുടെ തുടർച്ചയായി വൈദ്യുതി ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുണ്ടോ; വിശദാക്കാമോ; | (ബി) | ഉണ്ട്. പ്രതിഷേധങ്ങളെ തുടർന്ന് ഇലക്ട്രിസിറ്റി ആക്ട്, 2003ൽ ഭേദഗതികൾ കൊണ്ടുവരുന്നത് സാധിച്ചില്ല എങ്കിലും, നിലവിലുള്ള ആക്ടിൽ പറഞ്ഞിരിക്കുന്നതിന് ഉപോൽബലകമായി, സ്വകാര്യവൽക്കരണം ത്വരിതപ്പെടുത്താനായി ചട്ടങ്ങൾ പുതുക്കിയിട്ടുണ്ട്.<br><br>ഉദാ: കേന്ദ്ര വൈദ്യുതി നിയമം 2003 വരുന്നതിനുമുമ്പ് നിലനിന്നിരുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭിച്ചിരുന്നവർക്ക് ഡീംഡ് ലൈസൻസി ആയി തുടരാം എന്ന് കേന്ദ്ര നിയമം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി റൂൾസ് 2005-ൽ ഭേദഗതി വരുത്തി കേന്ദ്രമന്ത്രാലയം 30.06.2023-ന് പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെൻഡ്മെന്റ് ) റൂൾസ് 2023 പ്രകാരം ലൈസൻസിംഗ് കാലയളവ് ആക്ട് നടപ്പിലാക്കിയ തീയതി മുതൽ 25 വർഷം പരിധി നിശ്ചയിച്ചിരിക്കുന്നു. ഈ ഭേദഗതി നടപ്പാക്കിയതോടുകൂടി കെ.എസ്.ഇ.ബി.എൽ.-ന്റെ ലൈസൻസിംഗ് കാലാവധി 2028 ന് അവസാനിക്കും കാലാവധിക്ക് ശേഷം ലൈസൻസ് പുതുക്കി |

| | | | |
|---|---|---|---|
| | | | നൽകുവാൻ റെഗുലേറ്ററി കമ്മീഷനെ സമീപിക്കേണ്ടതുണ്ട്. ഇത് ഭാവിയിൽ കെ.എസ്.ഇബി.എൽ.ന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും തടസ്സം ആയേക്കാം. |
| (സി) | ആത്മനിർഭർ ഭാരത് അഭിയാന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള നയങ്ങൾ രാജ്യത്തിന്റെ ഊർജ്ജ സുരക്ഷയെത്തന്നെ ബാധിക്കുന്ന സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളോടൊപ്പം ചേർന്ന് ഇതിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ? | (സി) | ഉയർന്ന നിലവാരമുള്ള യന്ത്രങ്ങളും അവയുടെ ഭാഗങ്ങളും ആഭ്യന്തരമായി ഇന്ന് രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. എന്നാൽ താരതമ്യേന ആവശ്യക്കാർ കുറഞ്ഞ, എന്നാൽ അത്യന്താപേക്ഷിതമായ ചില ഉപകരണങ്ങളുടെ നിർമ്മാണ രംഗത്തേക്ക് ആഭ്യന്തര ഉത്പാദകർ ഇനിയും കടന്നുവന്നിട്ടില്ല. ഇത്തരം ഉപകരണങ്ങളുടെ കാര്യത്തിൽ തത്കാലത്തേക്ക് ചില ഇളവുകൾ നൽകേണ്ടതുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഉണ്ടായപ്പോൾ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട് എങ്കിലും പലപ്പോഴും അനുകൂല സമീപനം ഉണ്ടായതായി കാണുന്നില്ല എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ